നം.ക്യു.ഐ.പി.1/53103/2018/ഡി.പി.ഐ.

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ
കാര്യാലയം, തിരുവനന്തപുരം.
തീയതി :. 29.09.2018

## സർക്കുലർ

വിഷയം:- പൊതുവിദ്യാഭ്യാസം-മഹാഗാത്മഗാന്ധിയുടെ 150-ാം ജൻമദിനാഘോഷം-ഓഫീസ്/സ്കൂളുകളിൽ നടത്തേണ്ട പ്രവർത്തനങ്ങൾ സംബന്ധിച്ച്

സൂചന:- 27.09.2018-ന് പബ്ളിക് റിലേഷൻസ് വകുപ്പിന്റെ ആഭ്യമുഖ്യത്തിൽ നടന്ന യോഗത്തിലെ തീരുമാനം.

ഈ വർഷത്തെ ഗാന്ധിജയന്തിദിനം മുതൽ(2018 ഒക്ടോബർ 2) ഒരു വർഷം നീണ്ടു നിൽക്കുന്ന മാഹാത്മാഗാന്ധിയുടെ 150-ാം ജൻമദിനാഘോഷങ്ങൾ നാം ആരംഭിക്കുകയാണ്. കേരളം പ്രളയത്തിന് ഇരയായപ്പോൾ മഹാത്മാഗാന്ധിയുടെ ചിന്താഗതിക്കൊപ്പം ഉണർന്നു പ്രവർത്തിച്ചവരാണ് നാം കേരളീയർ. ഒരോ വർഷവും ഗാന്ധിജയന്തിയോടനുബന്ധിച്ച് സേവനവാരം നാം ആചരിക്കാറുണ്ട് ഈ ഒക്ടോബർ 2-ന് ആരംഭിക്കുന്ന ഗാന്ധിജിയുടെ 150-ാം ജന്മദിനാഘോഷങ്ങൾ ശുചിത്വപൂർണമായ നവകേരളത്തിന്റെ പുനഃസൃഷ്ടിക്ക് ആക്കം നൽകുന്ന തരത്തിൽ ക്രമീകരിക്കേണ്ടതാണ്. നമ്മുടെ വിദ്യാലയങ്ങളിലും വിദ്യാഭ്യാസ സ്ഥാപനങ്ങളിലും സംഘടിപ്പിക്കുന്ന വിവിധ പരിപാടികളോടൊപ്പം താഴെ പറയുന്ന കാര്യങ്ങൾകൂടി നടപ്പാക്കപ്പെടുന്നുണ്ടെന്ന് പ്രത്യേകം ഉറപ്പാക്കേണ്ടതാണ്.

1) എല്ലാ വിദ്യാലയങ്ങളും ഓഫീസുകളും പരിസരവും വൃത്തിയാക്കി പൊടി, മാലിന്യം, കൊതുക്, ഇഴജന്തുക്കൾ ഇവയിൽ നിന്നും ഉണ്ടാകുന്ന പ്രശ്നങ്ങൾ ഒഴിവാക്കുക

2) പ്രളയത്താലും മഴക്കെടുതിയാലും നാശം സംഭവിച്ച ജൈവവൈവിധ്യ ഉദ്യാനങ്ങൾ പുനരുദ്ധരിക്കുക.

3) നവംമ്പർ 1-ന് സംസ്ഥാനം ഗ്രീൻ പ്രോട്ടോകോളിലേക്ക് പൂർണ്ണമായും മാറിയതായിപ്രഖ്യാപിക്കേണ്ടതിനാൽ എല്ലാ ഓഫീസുകളിലും വിദ്യാലയങ്ങളിലും ടി വിഷയവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കുക

4) ദുരന്തങ്ങൾ ഉണ്ടാകുമ്പോൾ നേരിടുന്ന പ്രശ്നങ്ങളെക്കുറിച്ചും ആയത് അതിജീവിക്കാനുള്ള മാർഗ്ഗങ്ങളെക്കുറിച്ചും കുട്ടികളെ/രക്ഷാകർത്താക്കളെ ബോധവൽക്കരിക്കുക

(2....)

5) രോഗപ്രതിരോധ ശുചിത്വ പ്രവർത്തനങ്ങൾ കുട്ടികളിലൂടെ സമൂഹത്തിലും വ്യാപിപ്പിക്കുക

6) വിദ്യാലയ പരിസരവും കഴിയുമെങ്കിൽ പൊതുസ്ഥലങ്ങളും മാലിന്യവിമുക്തമാക്കുവാൻ ആവശ്യമായ കർമ്മപദ്ധതികൾ ആവിഷ്കരിച്ച് പ്രവർത്തന മാരംഭിക്കുക

7) ലഹരി ഉപയോഗത്തിൽ നിന്നും വരും തലമുറയെ രക്ഷിക്കുന്നതിന് ആവശ്യമായ ചിട്ടയായ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുക.

8) ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ സംഘടിപ്പിക്കുന്ന കർമ്മസമിതിയുടെ പ്രവർത്തനത്തിന് പിന്തുണ നൽകുക

9) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞവുമായി ബന്ധപ്പെട്ട് ഹരിതകേരളം മിഷൻ നടപ്പിലാക്കുന്ന ശുചിത്വ ഓഡിറ്റ് വിദ്യാലയങ്ങളിൽ നടപ്പിലാക്കുക

**ജിമ്മി.കെ.ജോസ്**
**പൊതുവിദ്യാഭ്യാസ അഡീഷണൽ ഡയറക്ടർ (അക്കാദമിക്)**

**സ്വീകർത്താവ്** :-

എല്ലാ വിദ്യാഭ്യാസ ഉപ ഡയറക്ടർമാർക്കും

എല്ലാ ജില്ലാ/ഉപ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും

എല്ലാ സ്കൂൾ പ്രധാനാധ്യാപകർക്കും (ബന്ധപ്പെട്ട വിദ്യാഭ്യാസ ഓഫീസർമാർ മുഖേന)

*എസ്.എൽ*